# റാത്തിക്കൽ കൂട്ടായ്മ യു എ ഇ , ഖത്തർ & റാത്തിക്കൽ

**Reg. No.U52100KL2016PLC039861**

## General Body Report 2019-2020

ബഹുമാന്യരേ,

06 /09 /2019 അബുദാബി ഇസ്ലാമിക് സെൻട്രലിൽ വച്ച് നടന്ന കൂട്ടായ്മയുടെ ഒൻപതാമത് വാർഷിക ജനറൽ ബോഡിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റി നിലവിൽ വന്നു,

| Sr No | Position | Name | Branch |
|---|---|---|---|
| 1 | President | M.I.Ullas | Al Ain |
| 2 | Vice President | Sabir Sadiq | Abu Dhabi |
| 3 | Gen: Secretary | Sajeem Subair | Abu Dhabi |
| 4 | Treasurer | Asheer Khan | Dubai |
| 5 | Joint Secretary | Shah Kuttan | Dubai |
| 6 | Auditor | Iqbal.A | Abu Dhabi |
| 7 | Committee Member | Nizam.A.R | Dubai |
| 8 | Committee Member | Nizamudeen.Y | Dubai |
| 9 | Committee Member | Nadarshan Salahudeen | Dubai |
| 10 | Committee Member | Aybek.M | Dubai |
| 11 | Committee Member | Noushad.A.R | Dubai |
| 12 | Committee Member | Kalam Puthenveedu | Dubai |
| 13 | Committee Member | Ameerjan | Dubai |
| 14 | Committee Member | Saji Musthafa | Dubai |
| 15 | Committee Member | M.I Rafi | Qatar |
| 16 | Committee Member | Salim.M.I | Qatar |
| 17 | Committee Member | Thahir Thalhath | Qatar |
| 18 | Committee Member | Nujum.M | Qatar |
| 19 | Committee Member | Noushad.A.S | Qatar |
| 20 | Committee Member | Haneefa Amlad | Qatar |
| 21 | Committee Member | Thaseen Ameen | Qatar |
| 22 | Committee Member | Mohammed.L | Qatar |
| 23 | Committee Member | Thanzil.A | Qatar |
| 24 | Committee Member | Shaji.M.Y | Qatar |
| 25 | Committee Member | Abbas Baji | Qatar |
| 26 | Committee Member | Farooq.A.S | Qatar |
| 27 | Committee Member | Arshad.A.R | Qatar |

| | | | |
|---|---|---|---|
| 28 | Committee Member | Biju Basheer | Qatar |
| 29 | Committee Member | Saheer.M.I | Qatar |
| 30 | Committee Member | Navas.M | Qatar |
| 31 | Committee Member | Aseem Nuhuman | Al Ain |
| 32 | Committee Member | Mujeeb.M.I | Al Ain |
| 33 | Committee Member | Shibu M Yusuf | Al Ain |
| 34 | Committee Member | Anas Hussain | Al Ain |
| 35 | Committee Member | Mohammed Nizar | Al Ain |
| 36 | Committee Member | Abu Hussain | Al Ain |
| 37 | Committee Member | Nujumudeen Saqafi | Abu Dhabi |
| 38 | Committee Member | Amlad.A | Abu Dhabi |
| 39 | Committee Member | Niyas | Abu Dhabi |
| 40 | Committee Member | Najeeb | Abu Dhabi |
| 41 | Committee Member | Alif Abdul Azeez | Abu Dhabi |
| 42 | Committee Member | Abdul Jabbar | Abu Dhabi |
| 43 | Committee Member | Azad.A.R | Abu Dhabi |
| 44 | Committee Member | Ansari | Abu Dhabi |
| 45 | Committee Member | Kabeer | Abu Dhabi |
| 46 | Committee Member | Bilal Rakeeb | Abu Dhabi |
| 47 | Committee Member | Sajar.M.K | Rathickal |
| 48 | Committee Member | Abdul Shukkoor | Rathickal |
| 49 | Committee Member | Shafi.N.M | Rathickal |
| 50 | Committee Member | Ambili ( Sheesh) | Oman |
| 51 | Committee Member | Kamil | Rathickal |
| 52 | Committee Member | Mahamood | Rathickal |
| 53 | Committee Member | Shamsudeen | Rathickal |
| 54 | Committee Member | Shibu Abdul Kareem | Rathickal |
| 55 | Committee Member | Abdul Samad | Rathickal |
| 56 | Committee Member | Azad.A.R | Rathickal |
| 57 | Committee Member | Kalam Haji | Rathickal |

മുകളിൽ പറഞ്ഞ കമ്മിറ്റി അംഗങ്ങൾക്ക് പുറമെ ജനാബ് : അബ്ദുൽ റഷീദിനെ രക്ഷാധികാരിയായും ഒപ്പം റാത്തിക്കൽ ബ്രാഞ്ച് ജനറൽ ബോഡിയിൽ വച്ച് ജനാബ് ഷാഫിയെയും രക്ഷാധികാരിയായി തിടഞ്ഞെടുത്തു. കൂടാതെ ഇതിനോടൊപ്പം അബുദാബി, ദുബായ്, അൽ ഐൻ എന്നീ പുതിയ ബ്രാഞ്ച് കമ്മിറ്റികളും നിലവിൽ വരികയും ഒപ്പം മറ്റു ബ്രാഞ്ചുകളായ ഖത്തർ ,

# റാത്തിക്കൽ കൂട്ടായ്മ യു എ ഇ , ഖത്തർ & റാത്തിക്കൽ

റാത്തിക്കൽ ഈ കമ്മിറ്റികൾക്കും പുതിയ നേതൃത്വങ്ങൾ നിലവിൽ വരികയും ചെയ്തു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ സെൻട്രൽ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുത്ത പല അംഗങ്ങളും സ്ഥിരമായി കമ്മിറ്റികളിൽ വരാനോ കൂട്ടായ്മയുമായി ബന്ധപ്പെട്ടു നടന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിൽ വിമുഖത കാണിക്കുന്നതായി കാണുന്നു. എങ്കിലും ബാക്കി കമ്മിറ്റി അംഗങ്ങളുടെയും ബ്രാഞ്ച് കമ്മിറ്റികളുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് ഈ കാലയളവിൽ വളരെ നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ള വിശ്വാസം ഉണ്ട്.

ഒപ്പം തന്നെ റാത്തിക്കൽ കൂട്ടായ്മ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിലേക്കായി ജനാബ് ഇക്ബാലിന്റെ നേതൃത്വത്തിൽ പതിനൊന്നംഗ ഡയറക്ടർ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും കൂടാതെ ജനറൽ ബോഡി കഴിഞ്ഞുള്ള മീറ്റിങ്ങിൽ വച്ച് രണ്ടു പേരെ കൂടി തിരഞ്ഞെടുക്കുകയും ചെയ്തു.

| **RAK DIRECTORS BOARD 2019/2020** | | | |
|---|---|---|---|
| **Sr No** | **Name** | **Position** | **Branch** |
| 1 | Iqbal.A | Chairman | Abu Dhabi |
| 2 | Noushad.A.R | Member | Dubai |
| 3 | M.I.Ullas | Member | Al Ain |
| 4 | Asheer Khan.M | Member | Dubai |
| 5 | Thahir Thalhath | Member | Qatar |
| 6 | Thaseen Ameen | Member | Qatar |
| 7 | Sajar.M.K | Member | Rathickal |
| 8 | Shamsudeen | Member | Rathickal |
| 9 | Ambili | Member | Oman |
| 10 | Abdul Kareem Shibu | Member | Rathickal |
| 11 | A.r.Azad | Member | Rathickal |
| 12 | Kalam Haji | Member | Rathickal |
| 13 | N.M. Shafi | Member | Rathickal |

പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ തിരഞ്ഞെടുക്കപ്പെട്ട മൂന്നു ഡയറക്ടർ ബോർഡ് അംഗങ്ങൾ അവരുടേതായ പേഴ്സണൽ കാര്യത്തിൽ ഡയറക്ടർ ബോർഡിൽ നിന്നും രാജിവെക്കുകയും ബാക്കിയുള്ള അംഗങ്ങളുടെയും നാട്ടിലുള്ള നമ്മുടെ മുതിർന്ന അംഗങ്ങളുടെയും സഹകരണത്തിൽ നമ്മുടെ ബിസ്സിനെസ്സ് നന്നായി കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട് . അതിന്റെ റിപ്പോർട്ടും കണക്കു വിവരങ്ങളും ബിസ്സിനെസ്സ് റിപ്പോർട്ടിൽ ഉണ്ടാകുന്നതായിരിക്കും.

# റാത്തിക്കൽ കൂട്ടായ്മ യു എ ഇ , ഖത്തർ & റാത്തിക്കൽ

മുൻ വർഷങ്ങളെ അപേക്ഷിച്ചു ഇപ്രാവശ്യം കൊറോണ കാരണം കൂടുതൽ മെമ്പേഴ്സിനെ കൂട്ടായ്മയിലേക്ക് ചേർക്കാൻ കഴിഞ്ഞില്ല. എങ്കിലും നമ്മുടെ കൂട്ടായ്മയിൽ അഞ്ചു ബ്രാഞ്ചുകളിലായി ഏകദേശം **770** ലേറെ മെമ്പർമാർ നമുക്കുണ്ട് ഇത് പ്രാദേശികമായിട്ടുള്ള ഒരു സംഘടനക്കും അവകാശപ്പെടാനില്ലാത്ത നേട്ടം നമ്മൾ നേടിയെടുത്തു അതിന്റെ മുഖ്യകാരണം നമ്മുടെ ഈ ഒത്തുരുമയും ഐക്യവുമാണ് തുടർന്നും ഇത് നിലനിന്നുപോകണമെന്നു ആത്മാർഥമായി ആഗ്രഹിക്കുന്നു. കൂടാതെ പുതിയ മെമ്പർമാരെ ചേർക്കാൻ ചില ബ്രാഞ്ച് കമ്മിറ്റികൾ കാണിച്ച ഉത്സാഹം എടുത്ത് പറയേണ്ടിയിരിക്കുന്നു പ്രത്യേകിച്ചും ഖത്തർ കമ്മിറ്റി. ഇതിനായി ആത്മാർഥമായി പ്രയത്നിച്ച എല്ലാപേർക്കും സെൻട്രൽ കമ്മിറ്റി നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. നമ്മുടെ കൂട്ടായ്മയിലുള്ള മെമ്പർമാരുടെ ഡീറ്റെയിൽസ് താഴെ പറയുന്നു.

| Branch | Total Members | Active | Inactive |
|---|---|---|---|
| Abu Dhabi | 90 | 42 | 48 |
| Dubai | 104 | 74 | 34 |
| Al Ain | **36** | **34** | **2** |
| Qatar | **470** | **407** | **63** |
| Rathickal | **70** | **48** | **22** |
| Total | **770** | **605** | **165** |

ഈ കമ്മിറ്റിയുടെ കാലാവധി ഏകദേശം പതിനാലു മാസം ആയിരുന്നു. ഈ കമ്മിറ്റി നിലവിൽ വന്നതിനു ശേഷം സംയുക്തമായി നേരിട്ട് നാലു മീറ്റിംഗുകളും ഒരു മീറ്റിംഗ് ZOOM വഴിയും സംഘടിപ്പിച്ചു. കൂടിയ സ്ഥലവും തിയതിയും താഴെ കാണിക്കുന്നു.

| Sr No | Date | Venue | Meeting |
|---|---|---|---|
| 1 | 11/10/2019 | Abu Dhabi | Joint Committee |
| 2 | 15/11/2019 | Dubai | Joint Committee |
| 3 | 03/01/2020 | Abu Dhabi | Joint Committee |
| 4 | 14/02/2020 | Abu Dhabi | Joint Committee |
| 5 | 02/10/2020 | ZOOM | Joint Committee |

സമയബന്ധിതമായും അത്യാവശ്യഘട്ടങ്ങളിൾ സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംയുക്ത കമ്മിറ്റികൾ കൂടുവാൻ സാധിച്ചതും ഒപ്പം എക്സിക്യൂട്ടീവ് ഗ്രൂപ്പിലൂടെ നടന്ന ചർച്ചകളിലൂടെയും കൂട്ടായ്മയെ സജീവമായി നില നിർത്താനും തീരുമാനങ്ങൾ യഥാസമയം കൈകൊള്ളാനും സാധിച്ചതായി ഈ കമ്മിറ്റി വിലയിരുത്തുന്നു. തീർച്ചയായും തെറ്റുകളും, കുറ്റങ്ങളും, കുറവുകളും ഉണ്ടായിട്ടുണ്ട്. അതൊന്നും തീർച്ചയായും മനഃപൂർവ്വമായി സംഭവിച്ചതല്ലെന്ന്

അംഗങ്ങളുടെ മുമ്പിൽ പറയാൻ ആഗ്രഹിക്കുന്നു. തുടർന്ന് വരുന്ന കമ്മിറ്റിക്ക് അത്തരം പ്രശ്നങ്ങളൊന്നും ഉണ്ടാകരുതെന്ന് ആത്മാർഥമായി പ്രാർത്ഥിക്കുന്നു

ഈ കമ്മിറ്റിയുടെ പ്രവർത്തനകാലത്തു നടന്ന പ്രവർത്തനങ്ങളുടെ ആകെതുക ഈ ജനറൽ ബോഡിയിൽ അംഗങ്ങളുടെ സമക്ഷം സജീവ ചർച്ചക്കും പരിഗണനക്കുമായി സമർപ്പിക്കുന്നു.

ആദ്യമേ തന്നെ വളരെ സന്തോഷത്തോടെ ഏവരെയും അറിയിക്കുന്നു നമ്മുടെ ഈ കൂട്ടായ്മയുടെ പ്രഥമ ലക്ഷ്യം ചാരിറ്റി ആയതിനാൽ മുൻകാലങ്ങളിൽ ഉള്ളതുപോലെതന്നെ ഈ മഹാമാരിക്കിടയിലും കമ്മിറ്റി യുടെ കാലയളവിൽ ഇതുവരെ നമ്മൾ **2198491** രൂപ സഹായം ചെയ്യുകയുണ്ടായി. ഈ പ്രവർത്തനങ്ങൾക്കായി സഹായിച്ച നമ്മുടെ മെമ്പർ മാർക്കുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു .

| Total amount distributed for charity, Pension and others from Sep 2019 to Sep 2020 | | | |
|---|---|---|---|
| Sr No | Description | Amount | Remarks |
| 1 | Ramadan Relief | 312000 | |
| 2 | Charity | 725000 | |
| 3 | Pension | 709000 | |
| 4 | Members welfare fund | 100000 | |
| 5 | Jama athu | 162000 | |
| 6 | Covid 19 help | 190491 | |
| **Grant Total** | | **2198491** | |

## പ്രവർത്തനങ്ങൾ:

ഒരുപാട് പ്രതീക്ഷകളുമായി തുടങ്ങിയ ഈ കമ്മിറ്റി കൊറോണ എന്ന മഹാമാരി കാരണം നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. എങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഞങ്ങളാൽ കഴിയുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട് അതിൽ ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായി ഞങ്ങൾ കാണുന്നത് പ്രതിസന്ധികൾ പലതുണ്ടെങ്കിലും ഈ കൂട്ടായ്മയുടെ ഐക്യംഒരു പരിധിവരെ നിലനിർത്താനായി എന്നുള്ളതാണ്,. വെത്യസ്തമായ വീക്ഷണങ്ങൾ വച്ച് പുലർത്തുന്നവർ നമുക്കിടയിൽ സജീവമായി നിൽക്കുമ്പോഴും അൽഹംദുലില്ലാഹ്,, ഇതുവരെ ഒരു അസഹിഷ്ണതയോ വിഭാഗീയതയോ ഇല്ലാതെ ഈ കൂട്ടായ്മയെ ഈ കാലയളവിൽ നയിക്കാനായ സന്തോഷം ഈ കമ്മിറ്റി പങ്കു വെക്കുകയാണ്. വരുംകാല കമ്മിറ്റികൾക്കും ഈ പ്രവർത്തന രീതി നിലനിർത്താനാകട്ടെയെന്നു ആമുഖമായി പറഞ്ഞുകൊണ്ട് റിപ്പോർട്ടിലേക്കു കടക്കുകയാണ്. ഈ കമ്മിറ്റി നിലവിൽ വന്നതിനു ശേഷം മുൻ പ്രവർത്തനങ്ങളുടെ തുടർച്ചയും ഒപ്പം പുതിയ പല ആശയങ്ങളും അതിലൂടെ നമ്മുടെ മെമ്പേഴ്സിന് ഉണ്ടാകുന്ന സഹായങ്ങളും നമ്മുടെ ഗ്രൂപ്പുകളിലൂടെ ചർച്ചയിൽ കൊണ്ടുവരാനായി.

ഈ പ്രതിസന്ധിക്കിടയിലും അൽഹംദുലില്ലാഹ് മുൻ വർഷങ്ങളെ അപേക്ഷിച്ചു ഈ കാലയളവിൽ ഒരുപാടു പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നമ്മുടെ എല്ലാ ബ്രാഞ്ചുകളുടെയും സഹകരണം ഇവിടെ സ്മരിക്കപ്പെടുന്നു. പ്രതേകിച്ചും നാട്ടിലെ കമ്മിറ്റിയും , ഖത്തർ ബ്രാഞ്ചും , കോവിട് എന്ന മഹാമാരിയെ പോലും വകവെക്കാതെ നാടിനും നാട്ടുകാർക്കുമുള്ള പൊതിച്ചോർ വിതരണം , മാസ്ക് വിതരണം , സാനിറ്റൈസർ വിതരണം , നമ്മുടെ മെമ്പേഴ്സിനുള്ള സ്നേഹ കിറ്റ് വിതരണം എന്നീ പ്രവർത്തനങ്ങളുമായി നാട്ടിലെ കമ്മിറ്റി അഭിനന്ദാർഹമായ പ്രവർത്തനമാണ് കാഴ്ചവച്ചത് . ഒപ്പം റാക് മാർട്ടിന്റെ പ്രതിസന്ധിഘട്ടങ്ങളിലും നമ്മുടെ അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടായിട്ടുണ്ട്. കൂടാതെ ഈ മഹാമാരി കാരണം പ്രതിസന്ധി നേരിട്ട ഖത്തർ ബ്രാഞ്ചിലെ നമ്മുടെ പല അംഗങ്ങളെയും കാര്യങ്ങൾ വിളിച്ചു അന്വേഷിച്ചു അവർക്കുള്ള ആഹാരസാധനങ്ങൾ നേരിട്ടെത്തിക്കുകയും അത്യാവശ്യ ക്കാർക്ക് ധനസഹായം നൽകാനും ഖത്തർ ബ്രാഞ്ച് കാണിച്ച ആത്മാർത്ഥതയും ഈ അവസരത്തിൽ വിസ്മരിക്കപ്പെടേണ്ടതാണ്. ഒപ്പം നമ്മുടെ ബിസ്സിനെസ്സ് ആംരംഭം വിപുലീകരിക്കുന്നതിന്റെ ഭാഗമായും ബിസ്സിനെസ്സ് കൂട്ടുന്നതിന്റെ ഭാഗമായും നാട്ടിലെ കമ്മിറ്റി നമ്മുടെ പ്രദേശങ്ങളിലായി ഏകദേശം നാന്നൂറിനടുപ്പിച്ചു വീടുകൾ സന്ദർശിക്കുകയും റാക് മാർട്ടിന്റെ പ്രതേകതകൾ ധരിപ്പിക്കുകയും അതിലൂടെയും നമ്മുടെ ദിവസേനയുള്ള കച്ചവടം കൂടുവാനും കാരണമായി. കൂടാതെ തന്നെ കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ എല്ലാ ബ്രാഞ്ചുകളും അതാത് ബ്രാഞ്ചിലുള്ള മെമ്പേഴ്സിനെ ബന്ധപ്പെട്ടു അവരുടെ സുഖവിവരങ്ങൾ ചോദിച്ചറിയുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകാനും സാധിച്ചു. കൂടാതെ റാത്തിക്കൽ ജമാഅത്തിന്റെ അപേക്ഷ പരിഗണിച്ചു അവർ ആവശ്യപ്പെട്ടപ്പോലെ ഒരു ഉസ്താദിന്റെ ഒരു മാസത്തെ ശമ്പളമായി 18000 രൂപ ഒരു വര്ഷത്തിലേക്കുള്ളത് നല്കാൻ തീരുമാനിക്കുകയും അത് അംഗങ്ങളുടെ പക്കലിൽ നിന്നും സ്വരൂപിക്കുകയും അത് ഇപ്പോഴും കൃത്യമായും നൽകിവരുന്നു. ഇതിന്റെ പ്രവർത്തനം ഏറ്റെടുത്ത ജനാബ് സാബിറിന് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു ഒപ്പം ഇതിനായി പൈസ തന്നു സഹകരിച്ച നമ്മുടെ മെമ്പേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

## 1, ബിസ്സിനെസ്സ്:

റാക് മാർട്ട് ഇപ്പോൾ കാണുന്ന രീതിയിൽ ജനകീയമാക്കാൻ നമ്മുടെ ഓരോ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണത്തിലൂടെ ഈ കമ്മിറ്റിക്കു കഴിഞ്ഞതായി ഞങ്ങൾ മനസിലാക്കുന്നു. കമ്മിറ്റി അംഗങ്ങളെ കൂടാതെ റാക് മാർട്ടിന്റെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. കൂടാതെ ഒരുമയുള്ള അംഗങ്ങളും ഇച്ഛാശക്തിയുള്ള നേതൃത്വവും ഉണ്ടെങ്കിൽ നമുക്ക് ഇനിയും ഇതുപോലുള്ള സംരംഭങ്ങൾ ആവർത്തിക്കാൻ കഴിയുമെന്നുള്ള വിശ്വാസം ഈ കമ്മിറ്റിക്കുണ്ട്. അങ്ങനെ സംഭവിക്കാൻ വീണ്ടും നമുക്ക് പ്രവർത്തിക്കാം. ബിസിനസ്സിന്റെ റിപ്പോർട്ട് പ്രത്യേകം ഈ ജനറൽ ബോഡിയിൽ അവതരിപ്പിക്കുന്നതാണ്.

## 2 , പെൻഷൻ:

ഈ കമ്മിറ്റി ചുമതലയേൽക്കുമ്പോൾ പെൻഷൻ നൽകുന്നവരുടെ എണ്ണം 38 ആയിരുന്നു. ഈ കാലയളവിൽ സഹായം അഭ്യർത്ഥിച്ചു കൊണ്ട് ഒരുപാട് അപേക്ഷകൾ കിട്ടുകയും അതിൽ നിന്നും ഏറ്റവും അർഹതയുണ്ടെന്ന് കണ്ടെത്തിയ നാലുപേർക്ക് കൂടി പെൻഷൻ അനുവദിക്കുകയുണ്ടായി. കൂടാതെ നമ്മൾ പെൻഷൻ നല്കിവരുന്നവരുടെ ഇപ്പോഴത്തെ അവസ്ഥ നാട്ടിലെ കമ്മിറ്റി ശ്രദ്ധാപൂർവം അന്വേഷിക്കുകയും അതിൽ പലരുടെയും ഇപ്പോഴത്തെ അവസ്ഥ മെച്ചപ്പെട്ടു എന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിൽ ചിലരെ പെൻഷനിൽ നിന്നും ഒഴിവാക്കുകയും മറ്റുചിലർക്ക് രണ്ടായിരം രൂപയിൽ നിന്നും ആയിരം രൂപ ആക്കുകയും അങ്ങനെ ഇപ്പൊ പെൻഷൻ നൽകുന്നവരുടെ അകെ എണ്ണം 28 ആയി കുറയുകയും ചെയ്യു . അതിൽ ഇരുപത് പേർക്ക് രണ്ടായിരം രൂപയും എട്ടുപേർക്ക് ആയിരം രൂപയും ആണ് അങ്ങനെ ഒരു മാസം 48000 രൂപ പെൻഷൻ ഇനത്തിൽ നൽകിവരുന്നു. ഇതിനായി ഇപ്പൊ നിലവിൽ പതിനാലുപേർ സാമ്പത്തിക സഹായം നൽകിവരുന്നു. പെൻഷൻ ഇനത്തിൽ ഈ കമ്മിറ്റിയുടെ കാലയളവിൽ ഇതുവരെ 709000 രൂപ നൽകാനായി.

## പെൻഷൻ സ്പോൺസർ ചെയ്യുന്നവരുടെ ലിസ്റ്റ്:

| PENSION SPONSORS FOR 2019-2020 | | | | |
|---|---|---|---|---|
| **Sr No** | **Name** | **Address** | **Amount** | **Remarks** |
| 1 | Ullas.M.I | Al Ain | 2000 | |
| 2 | Aseem Nuhuman | Al Ain | 2000 | |
| 3 | Asheer Khan | Dubai | 2000 | |
| 4 | Saheer.M.I | Qatar | 2000 | |
| 5 | Mohammed Saheer | Qatar | 2000 | |
| 6 | M.I.Raheem & Brothers | Qatar | 2000 | |
| 7 | Bashari | Qatar | 2000 | |
| 8 | Shanavas | Qatar | 2000 | |
| 9 | Jabar & Brothers | Qatar | 2000 | |
| 10 | Kairali Jewellery | Rathickal | 2000 | |
| 11 | Nujoom | Qatar | 2000 | |
| 12 | Al Ain | Al Ain | 2000 | |
| 13 | One member | Al Ain | 2000 | |
| 14 | One member | Abu Dhabi | 2000 | |

## പെൻഷൻ നൽകുന്നവരുടെ ലിസ്റ്റ്:

| PENSIONERS DETAILS FOR 2019-2020 | | | |
|---|---|---|---|
| **Sr No** | **Name** | **Address** | **Amount** |
| 1 | Ammini | Kannam Vilakom | 2000 |

| | | | |
|---|---|---|---|
| 2 | Yakoob | S/O Siddique | 2000 |
| 3 | Rahimi | Ammummakkudam | 1000 |
| 4 | Soora | Chudrakkudi | 1000 |
| 5 | Nazimudeen | K. Kizhangu | 2000 |
| 6 | Rahila | Mrs. Basheer | 2000 |
| 7 | Noorjahan | Thekke Vila | 1000 |
| 8 | Salim | Periyam Vilakom | 2000 |
| 9 | Sajila | Kunnu Vila | 2000 |
| 10 | Savad | Ammummakkudam | 1000 |
| 11 | Fazeela | Arivalam | 1000 |
| 12 | W/O Basheer | Poodan Vila | 1000 |
| 13 | Shameena | D/O Kareem | 2000 |
| 14 | Haleema | W/O Late Shajahan | 2000 |
| 15 | Mubeena | W/O Palleekka | 2000 |
| 16 | Sauda | Ammummakkudam | 1000 |
| 17 | Sajila Salim | Charuvila | 2000 |
| 18 | Azad | Ossan | 1000 |
| 19 | Fathah | Pakki | 2000 |
| 20 | Mazila Basheer | C/O. N Veedu | 2000 |
| 21 | Ameena | Punnavila | 2000 |
| 22 | Nahas Vahab | Parakasala | 2000 |
| 23 | D/O Nazi Mama | Kilimanoor | 2000 |
| 24 | Hilminniza | Chilakkoor | 2000 |
| 25 | Haleema Shibu | Arivalam | 2000 |
| 26 | Mohammad Ali | Ayiroor | 2000 |
| 27 | Ansari Grand Children | Rathickal | 2000 |
| 28 | Mohd: Razikeen | Vettoor | 2000 |
| **Total** | | | **48000** |

### 3, ചാരിറ്റി / സഹായം :

മുൻ വർഷങ്ങളെ പോലെ തന്നെ നല്ല രീതിയിൽ ചാരിറ്റി പ്രവർത്തനങ്ങളും നടത്താൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഇതിനായി ഒപ്പം പ്രവർത്തിച്ച ബ്രാഞ്ച് കമ്മിറ്റികൾക്കും നമ്മുടെ ഓരോ മെമ്പർമാർക്കും ആദ്യമേതന്നെ നന്ദി അറിയിക്കുകയാണ്. ഈ കാലയളവിൽ സഹായങ്ങൾ നൽകിയവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| Sr No | Name | Amount | Reason |
|---|---|---|---|
| 1 | Nasar Sulaiman | 50000 | Treatment |
| 2 | Bushra | 60000 | Cow |
| 3 | Abdil Ahad | 20000 | Treatment |
| 4 | Binu | 10000 | Treatment |
| 5 | Afeel | 50000 | Treatment |
| 6 | Podichi | 5000 | Death expense |
| 7 | Nasar Sulaiman | 52000 | Treatment |
| 8 | Biji M Elyas | 100000 | Member WF |
| 9 | Sakkeer | 25000 | Treatment |
| 10 | Mahad | 10000 | Treatment |
| 11 | D/O Baji Ikka | 100000 | Treatment |
| 12 | Noushar Khan | 30000 | Treatment |
| 13 | Sameer | 30000 | Hearing Aid |
| 14 | Sofiyumma Arivalom | 10000 | Treatment |
| 15 | Badarudeen | 33000 | Treatment |
| 16 | Mahad Vasith | 55000 | Treatment |
| 17 | Ahad Ismail | 30000 | Treatment |
| 18 | Junoosiya | 30000 | Treatment |
| 19 | Siddiq Vettoor | 25000 | Treatment |
| **Total** | | **725000** | |

## 4, റാക് മെമ്പർമാരുടെ ക്ഷേമനിധി:

2015 മുതൽ നമ്മൾ തുടങ്ങിവച്ച മെംബേർസ് വെൽഫെയർ ആദ്യഘട്ടത്തിൽ കൃത്യമായി പോവുകയും എന്നാൽ അതിനു ശേഷം ഈ സംരംഭം ചെറുതായി മന്ദീഭവിച്ച അവസ്ഥയിലുമായി, എങ്കിലും ഈ കാലയളവിൽ ഒരു മെമ്പറിനു മാത്രമേ വെൽഫെയർ നല്കാൻ സാധിച്ചുള്ളൂ. രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിച്ച നമ്മുടെ മെമ്പർ ജനാബ് ബിജി M ഇല്യാസിനു 100000 രൂപ നൽകുകയുണ്ടായി. അതുപോലെ നമ്മുടെ മൂന്നു മെമ്പേഴ്സിന് ടിക്കറ്റ് എടുത്തുകൊടുക്കാനും സാധിച്ചു.

## <u>5,റമദാൻ റിലീഫ്:</u>

കൂട്ടായ്മയുടെ കീഴിൽ എട്ടാമത് റിലീഫ് പ്രവർത്തനം ഈ കഴിഞ്ഞ 2020 റമദാൻ മാസത്തിൽ നടത്താൻ തീരുമാനിക്കുകയും അതിൻ പ്രകാരം കോവിട് എന്ന മഹാമാരി ഉണ്ടായിരുന്നെങ്കിൽ കൂടി നമ്മുടെ മെമ്പേഴ്സിന്റെ അകമഴിഞ്ഞ സഹായത്താൽ മുൻവർഷങ്ങളെ പോലെ ഇപ്രാവശ്യവും നമുക്ക് റമദാൻ റിലീഫ് കൊടുക്കുവാൻ സാധിച്ചു. നമ്മുടെ ബ്രാഞ്ചുകളുടെ ആത്മാർത്ഥമായ പ്രയത്നത്താൽ മൊത്തം 314000 രൂപ കളക്ട് ചെയ്യുകയും അതിൽ നൂറ്റി ഇരുപത്തിയേഴുപേർക്കു രണ്ടായിരം രൂപയുടെ **റാക്** മാർട്ടിന്റെ കൂപ്പണും

പതിനഞ്ചുപേർക്കു ആയിരം രൂപയുടെ കൂപ്പണും കൊടുക്കാൻ സാധിച്ചു. മൊത്തം 142 പേർക്ക് ഇപ്രാവശ്യം നല്കാൻ കഴിഞ്ഞു. ആ ഇനത്തിൽ 269000 രൂപ ചിലവായി ബാക്കിയുള്ള തുകയിൽ നിന്നും 45000 രൂപ മൂന്നുപേർക്കായി സഹായം നൽകി.

| Ramadan Relief 2020 | | |
|---|---|---|
| Sr No | Branch | Amount (INR) |
| 1 | Abu Dhabi | 65000 |
| 2 | Dubai | 94235 |
| 3 | Al Ain | 8000 |
| 4 | Qatar | 125164 |
| 5 | Rathickal | 21601 |
| **Total** | | **314000** |

## 6.ബ്രാഞ്ച് കമ്മിറ്റികളുടെ പ്രവർത്തനം.

കൂട്ടായ്മയുടെ അടിസ്ഥാന പ്രവർത്തനങ്ങൾനടക്കുന്നത് നമ്മുടെ ഓരോ ബ്രാഞ്ചുകളിലുമാണ്. അതിനാൽതന്നെ വളരെയധികം ഉത്തരവാദിത്വങ്ങൾ ബ്രാഞ്ചുകൾക്കുണ്ട് ചെറുപ്പക്കാരായ നമ്മുടെ അംഗങ്ങളോട് ഒരു അപേക്ഷയുള്ളതു അവർഈ കൂട്ടായ്മയിൽ പങ്കെടുത്തു ഇതിന്റെ പ്രവർത്തനങ്ങളിൽസഹകരിക്കണമെന്നുള്ളതാണ്. സെൻട്രൽകമ്മിറ്റി കൂടാതെ നാട്ടിലുൾപ്പടെ 5 ബ്രാഞ്ച്കളാണ് ഉള്ളത്. ഈ പ്രിതികൂല സാഹചര്യത്തിലും നമ്മുടെ ബ്രാഞ്ചുകൾ അവരാൽ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്.

**1.അബുദാബി ബ്രാഞ്ച്:** ജ: നുജുമുദീൻ സഖാഫിയുടെയും ജനാബ് അംലാദിന്റെയും ജനാബ് അലിഫിന്റെയും നേതൃത്വത്തിൽ അബുദാബി ബ്രാഞ്ച് കൂട്ടായ്മയുടെ പ്രവർത്തനത്തിൽ നല്ല നിലവാരം പുലർത്തുകയും ഒപ്പം ബിസ്സിനസ്സ് ആവശ്യങ്ങൾക്കുള്ള പൂർണ പിന്തുണ അബുദാബി ബ്രാഞ്ചിൽ നിന്നും ലഭിക്കുകയും ചെയ്തു. അതിൽ എടുത്തു പറയേണ്ടത് നമ്മുടെ നാട്ടുകാരുടെ ക്ഷേമത്തിനായി പുതുതായി സ്വരൂപിച്ച 176000 രൂപയിൽ ഏകദേശം ഒരുലക്ഷം രൂപയോളം അബുദാബി ബ്രാഞ്ചിൽ നിന്നും കളക്ട് ചെയ്തതാണ്. ഈ ബ്രാഞ്ചിന്റെ ഏകോപനത്തിൽ പങ്കാളികളായ ജനാബ് നജീബ് , ജബ്ബാർ എന്നിവർക്കുള്ള നന്ദി ഇവിടെ അറിയിക്കുകയാണ്.

അവർകൾ പ്രസിഡന്റായും ജനാബ് അസീം നുഹ്മാൻ സെക്രട്ടറിയായും ജനാബ് മുജീബ് ട്രഷററായും നിലവിൽ വന്ന കമ്മിറ്റി വളരെ മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.. അവരുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ച ജനാബ് ഉല്ലാസ് അവർകൾക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

**3. ദുബായ് ബ്രാഞ്ച്:** ജനാബ് നിസാം പ്രസിഡന്റായും ജനാബ് നിസാമുദീൻ സെക്രട്ടറിയായും ജനാബ് നാദിർഷ ട്രഷററായും നിലവിൽ വന്ന കമ്മിറ്റി സുസ്ത്യർഹമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ഇത്തരം മികവോടെയുള്ള

പ്രവർത്തങ്ങൾ തുടരാൻ വരും കമ്മിറ്റികൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**4. ഖത്തർ ബ്രാഞ്ച് :** ജനാബ് സലിം പ്രസിഡന്റായും ജനാബ് താഹിർ സെക്രട്ടറിയായും ജനാബ് നുജൂം ജനാബ് നൗഷാദ് ജനാബ് അംലാദ് എന്നിവർ ട്രഷററായും നിലവിൽ വന്ന കമ്മിറ്റി വളരെ മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. കോവിഡിനാൽ കഷ്ടത അനുഭവിച്ച നമ്മുടെ മെമ്പേഴ്സിന് സാമ്പത്തികസഹായമായും ഭക്ഷണ സാധനങ്ങൾ എത്തിക്കാൻ കാണിച്ച സൗമനസ്യം എടുത്തുപറയേണ്ടതാണ്. മറ്റു ബ്രാഞ്ച് കമ്മിറ്റികൾക്കാകെ മാതൃകയാക്കാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ചാരിറ്റി കളക്ഷനാണെങ്കിലും ഫണ്ട് കളക്ഷൻ ആണെങ്കിലും ഖത്തർ കമ്മിറ്റി അവരുടെ പ്രവർത്തനത്തിലൂടെ വളരെ മികച്ചുനിന്നു. തുടർന്ന് വരുന്ന കമ്മിറ്റിക്കും ഇതുപോലെയോ അല്ലെങ്കിൽ ഇതിനെക്കാളും മികച്ച രീതിയിലോയുള്ള പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കട്ടെയെന്നു സെൻട്രൽ കമ്മിറ്റി ആത്മാർഥമായി ആശംസിക്കുന്നു.കൂടാതെ ഏരിയ കോർഡിനേറ്റർ മാരുടെ പ്രവർത്തനവും സെൻട്രൽ കമ്മിറ്റിയുടെ അഭിന്ദനമർഹിക്കുന്നു.കൂടാതെ കൂട്ടായ്മയുടെ വിജയത്തിന് ഉദകുന്ന തരത്തിലുള്ള ആശയങ്ങൾ പങ്കുവെക്കുന്നതിലും ഖത്തർ കമ്മിറ്റി പ്രത്യേകം അഭിനദനം അർഹിക്കുന്നു.

**5. റാത്തിക്കൽ ബ്രാഞ്ച്** :ജനാബ് മഹുമൂദ് പ്രസിഡന്റായും ജനാബ് കാമിൽ സെക്രട്ടറിയായും ജനാബ് അബ്ദുൽ സമദ് ട്രഷററായും നിലവിൽ വന്ന കമ്മിറ്റി വളരെ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. റാത്തിക്കൽ ബ്രാഞ്ചിന്റെ തന്നെ ചരിത്രത്തിൽ ഇത്രയധികം പ്രവർത്തനങ്ങൾ ഇതിനുമുമ്പൊരു കമ്മിറ്റി നടത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമാണ്. നാടിനും സമൂഹത്തിനും **റാക്** മാർട്ടിനും ഉതകുന്ന തരത്തിലുള്ള ഒരുപാടു പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്. **റാക്** മാർട്ടിനെ ജനകീയമാക്കുന്നതിനു വേണ്ടി നമ്മുടെ നാട്ടിലും പരിസരപ്രദശങ്ങളിലുമായി ഏകദേശം 400 ഓളം വീടുകൾ സന്ദർശിച്ചു സർവ്വേ നടത്തുകയും. കോവിട് മഹാമാരിയുടെ പ്രവർത്തങ്ങളായി പൊതിച്ചോർ വിതരണം , മാസ്ക് വിതരണം, സാനിട്ടൈസർ വിതരണം എല്ലാം ലോക് ഡൌൺ നിലനിൽക്കുമ്പോൾ തന്നെ ആ റിസ്ക് ഏറ്റെടുത്തു പ്രവർത്തിക്കാനുള്ള ആർജവം കാണിച്ച നമ്മുടെ ഈ കമ്മിറ്റിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല . കൂടാതെ

പ്രവാസികളായ നമ്മുടെ മെംബേർസ് നാട്ടിൽ കോറന്റൈനിൽ ഇരിക്കുമ്പോൾ കൂട്ടായ്മയുടെ സ്നേഹപൊതിയുമായി ഇതിനകം മുപ്പതോളം വീടുകളിൽ സന്ദർശിക്കുകയുണ്ടായി.ഈ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്ത കമ്മിറ്റി അംഗങ്ങളെയും കൂടെ നമ്മുടെ മുതിർന്ന അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവും കൊണ്ട് അൽ ഹംദുലില്ലാഹ് വളരെ ഭംഗിയായി അവരുടെ പ്രവർത്തനം മുന്നോട്ടു പോകുകയും ചെയ്യുന്നു. ഒപ്പം ജനാബ് സഹീറിനെയും ഈ

അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. നാട്ടിലാണ് കൂട്ടായ്മയുടെ സേവന പ്രവർത്തനങ്ങൾ നടക്കുന്നത് ആകയാൽ നമ്മുടെ അംഗങ്ങളുടെ നിസ്വാർഥമായ സേവനം അത്തരുണത്തിൽ നമുക്ക് ലഭിക്കുകയുണ്ടായി . ഒപ്പം റാക് മാർട്ടിന് വേണ്ടി നമ്മുടെ കമ്മിറ്റി അംഗങ്ങൾ നൽകിയ അകമഴിഞ്ഞ സേവനം അഭിനന്ദാർഹമാണ്. ഇനിയും പുതിയ മേഘലകളിലേക്ക് നാട്ടിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. തീര്ച്ചയായും അവരുടെ അനുഭവവും പക്വതയും കൊണ്ട് അതിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## ഈ കമ്മിറ്റിയുടെ കാലയളവിലെ നേട്ടങ്ങൾ/ കോട്ടങ്ങൾ

ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ നേട്ടങ്ങൾ ഒരുപാടുണ്ടെങ്കിലും ചെറിയ ചില കോട്ടങ്ങൾ ഉള്ളതായും വിലയിരുത്തുന്നു. തുടർന്ന് വരുന്ന കമ്മിറ്റിക്കു നേട്ടങ്ങൾ മാത്രം പ്രവർത്തനത്തിൽ ഉണ്ടാകാൻ കഴിയട്ടെ എന്ന ആശംസയോടെ ഇവിടെ അവസാനിപ്പിക്കുന്നു.

## നിർദേശങ്ങൾ:

1. നമ്മുടെ റാക് മാർട്ടുമായി ബന്ധപ്പെട്ട് ഉടൻ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്തു അതിനെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകുവാൻ ഇനിവരുന്ന ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കണം.
2. എല്ലാ അംഗങ്ങൾക്കും വേണ്ട പരിഗണകൊടുത്തു ഒത്തുരുമയോടെ കൊണ്ടുപോകണം.
3. അംഗങ്ങളുടെ സംശയങ്ങൾക്കും ആവലാതികൾക്കും ഉത്തരവാദിത്വപ്പെട്ടവർ യഥാസമയം മറുപടി നൽകുക.
4. ബ്രാഞ്ച് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറെ കൂടി ഊർജസ്വലമാക്കുക.
5. കൃത്യമായി മീറ്റിങ്ങുകളിലും മറ്റും വരുന്നവരെ മാത്രം കമ്മിറ്റികളിൽ തിരഞ്ഞെടുക്കുക.

### ഉപസംഹാരം:

നമ്മുടെ സമീപ പ്രദേശങ്ങളിലുള്ളവരും നാട്ടുകാരല്ലാത്തവരുമെല്ലാം ഇതിന്റെ ആശയങ്ങളെ മനസ്സിലാക്കി നമ്മോടൊപ്പം സഹകരിക്കുകയും ഒപ്പം ഇതുപോലുള്ള വേദികൾ നമ്മുടെ സഹോദര പ്രദേശങ്ങളിലും രൂപം കൊള്ളുകയും ചെയ്തതിലൂടെ നമ്മുടെ ഈ കൂട്ടായ്മയുടെ പ്രസക്തി വളരെ വലുതാണെന്ന് നാം മനസ്സിലാക്കണം പ്രത്യേകിച്ച് ഈ കാലഘട്ടം ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യം ഇതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഏതൊരു പ്രതിസന്ധിക്കു മുമ്പിലും തളരാതെ ഇതിന്റെ പ്രവർത്തകർ ഈ കൂട്ടായ്മയെ തലമുറകളിലേക്ക് കൈമാറി നമ്മുടെ സമൂഹത്തിനും നാടിനും ഗുണകരമാകുന്ന തലത്തിൽ നിലനിർത്തുമെന്നുള്ള പ്രതീക്ഷ നമുക്കെല്ലാമുണ്ടാകണം. അതിനായി നമ്മൾ ആത്മാർത്ഥമായി പ്രവർത്തിക്കണം. അള്ളാഹു നമ്മുടെ ചിന്തകളെ ആ അർത്ഥത്തിൽ മുന്നോട്ട് പോകാൻ അനുഗ്രഹിക്കട്ടെ,,

# റാത്തിക്കൽ കൂട്ടായ്മ യു എ ഇ , ഖത്തർ & റാത്തിക്കൽ


ഈ കാലയളവിൽ ഇതിന്റെ മുന്നോട്ടു പോക്കിന് ഒരുപാടു പേരുടെ സഹായങ്ങൾ കിട്ടിയിരുന്നു ആരുടെയും പേര് എടുത്തുപറയുന്നില്ല സഹായങ്ങൾ നൽകി കൂടെ നിന്നവർക്കും, ഞങ്ങളുടെ പ്രവർത്തനങ്ങളെ അനുകൂലിച്ചവർക്കും, വിമർശിച്ചവർക്കും സാമ്പത്തികമായി സഹായിച്ചവർക്കും മീറ്റിങ്ങുകൾ കൂടുവാനുള്ള സൗകര്യവും ഭക്ഷണവും മറ്റും നൽകി സഹായിച്ച ജനാബ് നൗഷാദ് , ജനാബ് ഇക്ബാൽ കൂടാതെ റാക് മാർട്ടിന്റെ വിജയത്തിനായി പ്രവർത്തിച്ച DB അംഗങ്ങൾക്കും പ്രത്യേകിച്ച് ജനാബ് ഇക്ബാലും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച നാട്ടിലെ കമ്മിറ്റിയിലെ അംഗങ്ങൾക്കും ഈ അവസരത്തിൽ ഞങ്ങളുടെ ആത്മാർത്ഥമായ നന്ദിയും കടപ്പാടും അറിയിക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലം ഈ കമ്മിറ്റിയെ ഏൽപ്പിച്ച ഉത്തരവാദിത്വം ഞങ്ങൾക്ക് കഴിയുന്ന വിധം ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് മുകളിൽ വിവരിച്ചത്. ഇത് ബഹുമാന്യരായ അംഗങ്ങളുടെ പൊതുചർച്ചക്കും വിലയിരുത്തലിനുമായി സമർപ്പിക്കുന്നു,,,,

നന്ദിയോടെ നിർത്തുന്നു,,, അസ്സലാമു അലൈക്കും,,

സ്നേഹത്തോടെ ,,,

**RAK സെൻട്രൽ കമ്മിറ്റിക്കു വേണ്ടി,,,**



| **President:** | **General Secretary:** | **Treasurer:** |
| --- | --- | --- |
| **M.I. Ullas** | **Sajeem Subair** | **Asheerkhan** |

**സേവനം, സഹായം,സൗഹൃതം,ഉന്നമനം**